ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

*1. വനിതാ സംവരണ ഭേദഗതി ബിൽ ചർച്ച ചെയ്യുന്നതിനുള്ള പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് നാളെ തുടക്കം.*

***A three-day special session of Parliament to discuss the Women's Reservation Amendment Bill will begin tomorrow.***

*2. പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ പ്രചാരണത്തിൽ സജീവം.*

***Election campaigning has intensified in West Bengal and Tamil Nadu. Prominent leaders of various political parties are actively participating in the campaign.***

*3. ബിഹാർ മുഖ്യമന്ത്രിയായി സമ്രാട്ട് ചൗധരി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.*

***BJP leader and Deputy Chief Minister Samrat Choudhary sworn in as the Chief Minister of Bihar.***

*4. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും വിഷു ആഘോഷത്തിൽ ലോകമെമ്പാടുമുള്ള മലയാളികൾ. ആശംസകളുമായി പ്രമുഖർ.*

***Keralites around the world are celebrating Vishu, the festival of prosperity and abundance. Prominent personalities have extended their greetings.***

*5. ഛത്തീസ്ഗഢിൽ പവർ പ്ലാന്റിലെ ബോയിലർ ട്യൂബ് പൊട്ടിത്തെറിച്ച് മരിച്ചവരുടെ എണ്ണം 14 ആയി.*

***The death toll in boiler explosion incident in Singhanterai of Chhattisgarh has risen to 14.***

*6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - ലഖ്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം.*

***In IPL Cricket, Royal Challengers Bengaluru will take on Lucknow Super Giants today.***

********************

## Parliament special session

പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്നത് ലക്ഷ്യമിട്ട് 2023 ൽ പാസാക്കിയ നിയമം ഭേദഗതികളോടെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് സമ്മേളനം.

********************

## KIRAN RIJIJU

പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ സർക്കാർ കൊണ്ടുവരുന്ന വനിതാ സംവരണ ബിൽ സന്തുലിതമാണെന്നും എല്ലാ സംസ്ഥാനങ്ങളുടെയും സമൂഹങ്ങളുടെയും അഭിലാഷങ്ങൾ നിറവേറ്റുന്നതാണെന്നും പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു . നിയമനിർമ്മാണത്തെ ഒരു പാർട്ടിയും എതിർക്കുന്നില്ലെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

********************

## TAMILNADU– ELECTION

ഈ മാസം 23 ന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ പ്രചാരണം സജീവം. തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് നാഗർകോവിലിലെത്തും. ഉച്ചയ്ക്ക് തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന അദ്ദേഹം ഹെലികോപ്റ്റർ മാർഗമാണ് നാഗർകോവിലിലേക്ക് തിരിക്കുക.

സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ ഇന്ന് സേലം ജില്ലയിൽ പ്രചാരണം നടത്തും. നടൻ വിജയ് ചെന്നൈയിൽ പ്രചാരണത്തിനായുള്ള അനുമതി തേടിയിട്ടുണ്ട്.

********************

## ELECTION– WEST BENGAL

പശ്ചിമബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ഒരാഴ്ച മാത്രം അവശേഷിക്കെ, പ്രചാരണം ശക്തമാകുന്നു. ബിജെപി മുതിർന്ന നേതാവ് അമിത് ഷാ ഇന്ന് വടക്കൻ ബംഗാളിൽ നിരവധി പൊതുയോഗങ്ങളിൽ പങ്കെടുക്കും. വിവിധയിടങ്ങളിൽ നടക്കുന്ന റാലികളിലും അദ്ദേഹം പങ്കെടുക്കും. ധനമന്ത്രി നിർമ്മല സീതാരാമനും മുൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയും ഇന്ന് സംസ്ഥാനത്ത് നിരവധി പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി, ഇന്ന് വടക്കൻ ദിനാജ്പൂർ ജില്ലയിലെ ഇസ്ലാംപൂരിൽ

നടക്കുന്ന പൊതുയോഗത്തിലും,സിലിഗുരി, ചൽസ

എന്നിവിടങ്ങളിൽ നടക്കുന്ന റോഡ് ഷോകളിലും സംബന്ധിക്കും.

********************

## BIHAR-PLEDGE

ബിഹാർ ഉപമുഖ്യമന്ത്രിയും ബിജെപി നേതാവുമായ സമ്രാട്ട് ചൗധരി സംസ്ഥാനത്തിന്റെ പുതിയ

മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പട്നയിലെ ലോക് ഭവനിലാണ് സത്യപ്രതിജ്ഞാ ചടങ്ങ് നടന്നത്. രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജെഡിയു അധ്യക്ഷൻ നിതീഷ് കുമാർ മുഖ്യമന്ത്രി സ്ഥാനം രാജിവച്ചതിനെ തുടർന്നാണ് സാമ്രാട്ട് ചൗധരി മുഖ്യമന്ത്രി പദത്തിലെത്തുന്നത്.

********************

## CHHATTISGARH - PRESIDENT

ഛത്തീസ്ഗഢിലെ ശക്തി ജില്ലയിലുള്ള പവർ പ്ലാന്റിൽ ബോയിലർ ട്യൂബ് പൊട്ടിത്തെറിച്ച് 14 തൊഴിലാളികൾ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി.

പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം

പ്രഖ്യാപിച്ചു.

********************

## PM_KARANTAKA

കർണാടകയിലെ മാൻഡിയയിലുള്ള ശ്രീക്ഷേത്ര ആദിചുഞ്ചനഗിരി മഠത്തിലെ ശ്രീ ഗുരു ഭൈരവൈക്യ മന്ദിരം പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്ഘാടനം ചെയ്തു . നേരത്തെ ജ്വാലാ പീഠം സന്ദർശിച്ച പ്രധാനമന്ത്രി ശ്രീ കാലഭൈരവ ക്ഷേത്രത്തിൽ ദർശനം നടത്തി.

********************

## INTERNATIONAL LAW- GUTERRES INTRO

വർദ്ധിച്ചുവരുന്ന ആഗോള സംഘർഷങ്ങൾക്കിടയിൽ, എല്ലാ രാജ്യങ്ങളും അന്താരാഷ്ട്ര നിയമം കൃത്യമായി പാലിക്കണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ

ഗുട്ടെറസ്. അസ്ഥിരത, അവിശ്വാസം, സംഘർഷങ്ങൾ എന്നിവ തടയുന്നതിന് അന്താരാഷ്ട്ര നിയമം പാലിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

********************

## ED- SEARCHES LPU

ആം ആദ്മി പാർട്ടി എം പി അശോക് മിത്തലിൻറെ വീട്ടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൻറെ പരിശോധന. 1999 ലെ വിദേശ വിനിമയ നിയമപ്രകാരമാണ് പരിശോധന.

ലവ്‌ലി യൂണിവേഴ്സിറ്റി ഗ്രൂപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ചുള്ള കൂടുതൽ അന്വേഷണത്തിന്റെ ഭാഗമാണ് പരിശോധനയെന്ന് എന്ന് ഇഡി വ്യക്തമാക്കി .

********************

## VP- HIMACHAL

ഹിമാചൽ ദിനത്തോടനുബന്ധിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഹിമാചൽ പ്രദേശിലെ പൗരന്മാർക്ക് ആശംസകൾ നേർന്നു. സംസ്ഥാനത്തിന്റെ സമ്പന്നമായ ചരിത്രത്തെയും ഊർജ്ജസ്വലമായ സംസ്കാരത്തെയുമാണ് ഈ ദിനത്തിൽ ആഘോഷിക്കുന്നതെന്ന് അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു. അവിടുത്തെ ജനങ്ങളുടെ സമർപ്പണവും സ്ഥിരോത്സാഹവും ഹിമാചൽ പ്രദേശിന്റെ യഥാർത്ഥ ആത്മാവിനെ പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന്. പരിപാടിയുടെ 133 -ആം പതിപ്പാണിത്. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴി ഓൺലൈനായോ ജനങ്ങൾക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. ദൂരദർശനിലും ആകശവാണിയുടെ എല്ലാ നിലയങ്ങളിലും പരിപാടി ലഭ്യമാകും.

********************

## VISHU

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും വിഷു ആഘോഷത്തിൽ ലോകമെമ്പാടുമുള്ള മലയാളികൾ. കണിയൊരുക്കിയും കൈനീട്ടം നൽകിയുമാണ് ആഘോഷം. മേടം ഒന്നിനാണ് സാധാരണയായി വിഷു ആഘോഷിക്കുന്നതെങ്കിൽ ഇക്കുറി മേടം രണ്ടിനാണ് വിഷു എത്തിയത്. ഗുരുവായൂർ, ശബരിമല, പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ പ്രമുഖ ക്ഷേത്രങ്ങളിലെല്ലാം പുലർച്ചെ മുതൽ ഭക്തരുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽ പുലർച്ചെ 2:50 മുതൽ 3:50 വരെയായിരുന്നു വിഷുക്കണി ദർശനം. ശബരിമലയിൽ രാവിലെ 7 മണി വരെ ഭക്തർക്ക് കണി കാണാൻ അവസരം നൽകി. ഏപ്രിൽ 18 വരെ ശബരിമലയിൽ ദർശനം തുടരും.

******************

## PRIME MINISTER- VISHU

പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാ കേരളീയർക്കും വിഷു ആശംസകൾ നേർന്നു. വിഷു പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ഉത്സവമാണെന്നും എല്ലാവരോടും അനുഭാവപൂർണമായ സമീപനം പുലർത്തേണ്ടതിന്റെ പ്രാധാന്യത്തെയാണ് ഈ അവസരം ഓർമ്മിപ്പിക്കുന്നതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. വരും

വർഷം ഏവർക്കും സന്തോഷവും സമൃദ്ധിയും ആരോഗ്യവും നിറഞ്ഞതായിരിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

********************

## TEMPARATURE

സംസ്ഥാനത്ത് ചൂട് വർധിക്കുന്നു. വിവിധയിടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോന്നി, ചെങ്ങന്നൂർ,

ചങ്ങനാശേരി, മൂന്നാർ, എന്നിവിടങ്ങളിലാണ് അൾട്രാവയലറ്റ്

സൂചിക ഏറ്റവും ഉയർന്ന തോതിൽ രേഖപ്പെടുത്തിയത്.

പാലക്കാട് ജില്ലയിൽ താപനില 40 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. ഇന്ന് എറണാകുളം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

********************

## MUNNAR- INTRO

കേരളം കഠിനമായ വേനൽച്ചൂടിൽ ഉരുകുമ്പോഴും, സഞ്ചാരികൾക്ക് കുളിർമയേകി മൂന്നാറിലെ രാത്രികാല താപനില. പകൽ സമയങ്ങളിൽ ചൂട് അനുഭവപ്പെടുന്നുണ്ടെങ്കിലും, രാത്രിയിൽ താപനില പത്ത് ഡിഗ്രി സെൽഷ്യസ് വരെ താഴുന്നത് വിനോദസഞ്ചാരികൾക്ക് വലിയ ആശ്വാസമാകുകയാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

********************

## IPL

ഐ പി എൽ ക്രിക്കറ്റിൽ, ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ലഖ്നൗ സൂപ്പർ ജയന്റ്സുമായി ഏറ്റുമുട്ടും. ബെംഗളൂരു എം.ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 32 റൺസിന് പരാജയപ്പെടുത്തി.

********************

## ISL FOOTBALL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം. രാത്രി 7.30 നു കൊച്ചിയിലാണ് മത്സരം.

********************

## STOCKS /GOLD

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തിൽ വ്യാപരം തുടരുന്നു. സെൻസെക്സ് 1,158 പോയിന്റ് ഉയർന്ന് 78,006 ലും നിഫ്റ്റി 360 പോയിന്റ് നേട്ടത്തിൽ 24,203 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില കൂടി. പവന് 1,040 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 13,920 രൂപയും ഗ്രാമിന് 14,240 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&